ഉത്തരം

(എ) കശുവണ്ടി തൊഴിലാളികൾക്ക് കൂടുതൽ പ്രവൃത്തിദിനങ്ങൾ നൽകുന്നതിനായി കേരള കശുവണ്ടി വികസന കോർപ്പറേഷന് 1997-ൽ തോട്ടണ്ടി വാങ്ങാൻ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കാൻ മാർജിൻ മണിയായി 6 കോടി രൂപ നൽകിയതിനു പുറമേ ബാങ്കുകൾക്ക് ബാദ്ധ്യതയായതും ഗവൺമെന്റ് ഏറ്റെടുത്ത് നൽകിവരുന്നതുമായ ഒരു ഗഡു തുകയായ 4.15 കോടി രൂപ 1999-2000 വർഷത്തെ ബഡ്ജറ്റിൽ ലോൺ ആയി നൽകാൻ വകയിരുത്തിയിട്ടുണ്ട്. കോർപ്പറേഷന് സാമ്പത്തിക സഹായം നൽകിവരുന്ന കൺസോർഷ്യം ബാങ്കുകൾ വായ്പാപരിധി ഉയർത്താൻ സർക്കാർ തലത്തിൽ ചർച്ച നടത്തുകയും അതിന്റെ ഫലമായി ഉയർന്ന വായ്പാ പരിധി അനുവദിച്ചും കിട്ടി. കാപ്പെക്സിലെ തൊഴിലാളികൾക്ക് പ്രവൃത്തിദിനങ്ങൾ കൂട്ടുന്നതിനായി ആഭ്യന്തര വിപണിയിൽ നിന്നും വിദേശത്തുനിന്നും തോട്ടണ്ടി സംഭരിച്ചുകൊണ്ടിരിക്കുന്നു.

(ബി) ആഭ്യന്തരവിപണിയിൽ നിന്നും 2475 മെട്രിക് ടൺ തോട്ടണ്ടിയും വിദേശത്തുനിന്നും 1000 മെട്രിക് ടൺ തോട്ടണ്ടിയും കാപ്പെക്സ് സംഭരിച്ചിട്ടുണ്ട്. കൂടുതൽ തോട്ടണ്ടി സംഭരിക്കാൻ കാപ്പെക്സ് നടപടി സ്വീകരിച്ചു വരുന്നു. കൺസോർഷ്യം ബാങ്കുകൾ വായ്പാപരിധി ഉയർത്തി നൽകിയതിന്റെ ഫലമായി 23000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിട്ടുള്ളതിൽ 6000 മെട്രിക് ടൺ തോട്ടണ്ടി ഷിപ്പ്മെന്റ് കഴിഞ്ഞിട്ടുമുണ്ട്.

തോട്ടണ്ടി സംഭരണം

40 (2096)ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :

ശ്രീ. സി. മൊയീൻകുട്ടി :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 വർഷത്തിൽ സംസ്ഥാനത്ത് എത്ര ടൺ തോട്ടണ്ടി സംഭരണം നടത്തിയിട്ടുണ്ട്;

(ബി) ഇതിൽ ഇറക്കുമതി ചെയ്ത തോട്ടണ്ടി എത്ര; ആഭ്യന്തര വിപണിയിൽ നിന്നും സംഭരിച്ചത് എത്ര;

(സി) കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളിൽ ഇതുകൊണ്ട് എത്ര ദിവസത്തെ തൊഴിൽ നൽകുവാൻ സാധിച്ചു?

ഉത്തരം

(എ) 1998-99 വർഷത്തിൽ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ആകെ 15022 മെട്രിക് ടൺ, കാപ്പെക്സ് 3206.96 മെട്രിക് ടൺ തോട്ടണ്ടിയും സംഭരിച്ചിട്ടുണ്ട്.

(ബി) കേരള കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും കണക്കുകൾ ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

	ഇറക്കുമതി ചെയ്ത തോട്ടണ്ടി	ആഭ്യന്തര വിപണിയിൽ നിന്നും സംഭരിച്ചവ
കശുവണ്ടി വികസന കോർപ്പറേഷൻ	13784 മെട്രിക് ടൺ	1238 മെട്രിക് ടൺ
കാപ്പെക്സ്	1426.036 മെ.ടൺ	1780.923 മെ.ടൺ

(സി) കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളിൽ 1998 കലണ്ടർ വർഷത്തിൽ 80 ദിവസവും 1999-ൽ ഇതുവരെ 50 ദിവസവും തൊഴിൽ നൽകി.

കാപ്പെക്സ്, കൊല്ലം

41 (2097)ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-98 കാലയളവിൽ കൊല്ലം കാപ്പെക്സിലേയ്ക്ക് 24 കോടിയോളം രൂപ ധനസഹായമായി സർക്കാർ നൽകിയിട്ടുണ്ടോ; എങ്കിൽ നൂറു ദിവസംപോലും ജോലി നൽകാൻ കഴിയാതെ പോയ മാനേജ്മെന്റിന്റെ വീഴ്ചകളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുമോ;

(ബി) കട്ടിംഗ് ടെസ്റ്റ് നിലവാരം നിശ്ചയിച്ച് വാങ്ങിയ തോട്ടണ്ടി സംസ്ക്കരിച്ചപ്പോൾ മേൻമ കുറഞ്ഞതായി കണ്ടിരുന്നോ; എങ്കിൽ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ശ്രീ. എൻ.കെ. മോഹനൻ മാനേജിംഗ് ഡയറക്ടറായിരിക്കെ ഔദ്യോഗിക വസതിയുടെ വാടക കാപ്പെക്സ് നൽകിയിട്ടുണ്ടോ; ഈ കാലഘട്ടത്തിൽ അദ്ദേഹം വീട്ടുവാടക അലവൻസ് കൈപ്പറ്റിയിരുന്നുവെങ്കിൽ അത് തിരിച്ചു പിടിക്കാൻ നടപടികളെടുക്കുമോ;

(ഡി) കാപ്പെക്സിന്റെ ഹെഡ്കോർട്ടേഴ്സ് കൊല്ലം ആയിരിക്കേ മാനേജിംഗ് ഡയറക്ടർ ശ്രീ. എൻ.കെ. മോഹനൻ തിരുവനന്തപുരത്ത് താമസിക്കുന്നതിന് അനുവദിച്ചിട്ടുണ്ടോ; കൊല്ലത്ത് നിന്നും തിരുവനന്തപുരത്തേയ്ക്ക് ഒദ്യോഗികയാത്ര നടത്തിയ ഇനത്തിൽ വാങ്ങിയ തുകയെത്ര എന്ന് മാസംതിരിച്ച് വ്യക്തമാക്കുമോ;

(ഇ) 1996-98 കാലയളവിലെ ക്രമക്കേടുകളെക്കുറിച്ചുള്ള അന്വേഷണറിപ്പോർട്ടുകളിൽ ഏതെങ്കിലും ഫൈനലൈസ് ചെയ്തിട്ടുണ്ടോ; വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1996-98 കാലയളവിൽ കാപ്പെക്സിലേയ്ക്ക് 18.12 കോടി രൂപയാണ് നൽകിയിട്ടുള്ളത്. 1996-98 കലണ്ടർ വർഷത്തിൽ മൊത്തം 161 ദിവസം ജോലി നൽകിയിട്ടുണ്ട്.

(ബി) തോട്ടണ്ടി 10 മെട്രിക് ടൺ (ഒരു ലോഡ്) കശുവണ്ടിയിൽ നിന്നും ഒരു കിലോഗ്രാം തോട്ടണ്ടിയാണ് സാമ്പിളിന് എടുക്കുന്നത്. ടി തോട്ടണ്ടി സംസ്ക്കരിക്കുമ്പോൾ ചിലപ്പോൾ ഔടേൺ ചെറിയ വ്യത്യാസ

LIBRARY ARCHIVES Kerala Legislative Assembly